(എ) ലഘു സമ്പാദ്യ പദ്ധതിക്ക് നിലവിലുണ്ടായിരുന്ന പലിശ നിരക്ക് കേന്ദ്ര ഗവൺമെന്റ് കുറച്ചകാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റ് കേന്ദ്രഗവൺമെന്റിന് എന്തെങ്കിലും നിവേദനങ്ങൾ സമർപ്പിച്ചിട്ടുണ്ടോ; വിശദവിവരം വെളിപ്പെടുത്തുമോ;

(സി) പലിശ നിരക്ക് കുറച്ചതുമൂലം സാധാരണക്കാരുടെ ഈ മേഖലയിലുള്ള സമ്പാദ്യ നിക്ഷേപം കുറയും എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ നിക്ഷേപം കുറയ്ക്കുന്നതുമൂലം സംസ്ഥാനത്തിന്റെ വികസനപ്രവർത്തനങ്ങൾക്കാവശ്യമായ വിഭവസമാഹരണത്തെ ഇത് പ്രതികൂലമായി ബാധിക്കും എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇക്കാര്യം കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) പലിശനിരക്ക് കുറച്ചതുമൂലം ഈ മേഖലയിലുള്ള നിക്ഷേപത്തിൽ കുറവ് ഉണ്ടാകാതിരിക്കുന്നതിനായി ഗവൺമെന്റ് എന്തെങ്കിലും പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ജി) എങ്കിൽ എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) ഉണ്ട്.

(ബി) ഉണ്ട്. പലിശ നിരക്ക് കുറച്ചത് സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ പ്രതികൂലമായി ബാധിക്കുന്നതിനാൽ സംസ്ഥാന മുഖ്യമന്ത്രിമാരുടെ അഭിപ്രായം കൂടി ആരാഞ്ഞതിന് ശേഷം ഈ കാര്യത്തിൽ തീരുമാനമെടുക്കണമെന്നും അതുവരെ മുൻ സ്ഥിതി നില നിർത്തണമെന്നും ആവശ്യപ്പെട്ടുകൊണ്ട് പ്രധാനമന്ത്രിക്ക് നിവേദനം സമർപ്പിച്ചിട്ടുണ്ട്.

(സി)&(ഡി) ഉണ്ട്.

(ഇ) ഉണ്ട്.

(എഫ്) ഉണ്ട്. ഇക്കാര്യം ചൂണ്ടിക്കാണിച്ച് പ്രധാനമന്ത്രിക്ക് നിവേദനം സമർപ്പിച്ചിട്ടുണ്ട്.

(ജി) മുൻ സ്ഥിതി നിലനിർത്താനുള്ള സമ്മർദ്ദം തുടരുന്നതോടൊപ്പം അധികവിഭവസമാഹരണം നടത്തി ഉണ്ടാക്കാവുന്ന കുറവ് നികത്താനും ശ്രമിക്കുന്നുണ്ട്.

15 (*75) ഊർജ്ജിത പച്ചക്കറി ഉൽപ്പാദനം

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീമതി കെ.കെ. ശൈലജ ടീച്ചർ :
ശ്രീമതി എൻ.കെ. രാധ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീ. ടി.കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്ത് ഊർജ്ജിത പച്ചക്കറി ഉൽപ്പാദനത്തിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) ഈ രംഗത്ത് കൈവരിക്കാൻ കഴിഞ്ഞ നേട്ടങ്ങൾ വ്യക്തമാക്കുമോ;

(സി) കർഷകരിൽ നിന്നും പച്ചക്കറി വാങ്ങുവാനും അത് വിതരണം ചെയ്യുവാനും സർക്കാർ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്;

(ഡി) ഊർജ്ജിത പച്ചക്കറി ഉൽപ്പാദന പ്രവർത്തനങ്ങൾക്ക് സർക്കാർ ധനസഹായം നൽകിയിട്ടുണ്ടോ എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) ഹരിതസൊസൈറ്റികളിലൂടെ 1999-2000 വർഷം എന്ത് തുക വിലമതിക്കുന്ന പച്ചക്കറികൾ ഉൽപ്പാദിപ്പിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്;

(എഫ്) കഴിഞ്ഞവർഷം എന്ത് തുകയ്ക്കുള്ള പച്ചക്കറി ഉൽപ്പാദിപ്പിക്കുവാൻ കഴിഞ്ഞു;

(ജി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ പച്ചക്കറി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എച്ച്) വിദേശ സഹായത്തോടെ നടപ്പാക്കിവരുന്ന ഹോർട്ടികൾച്ചർ വികസന പദ്ധതി ഇപ്പോൾ സംസ്ഥാനത്ത് തുടരുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) സംസ്ഥാനത്തെ പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തമാക്കുക എന്ന ലക്ഷ്യത്തോടെ 1997-98 മുതൽ 'ഊർജ്ജിത പച്ചക്കറി വികസന പദ്ധതി' നടപ്പിലാക്കി വരുന്നു.

(ബി) 1997-98, 1998-99 വർഷങ്ങളിലായി 600 കോടി രൂപ വില വരുന്ന 5.95 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഈ പദ്ധതിയിലൂടെ ഉത്പാദിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഈ കാലഘട്ടത്തിൽ 37.56 ലക്ഷം തൊഴിൽ ദിനങ്ങൾ കാർഷിക മേഖലയിൽ സൃഷ്ടിക്കുവാൻ കഴിഞ്ഞതാണ് മറ്റൊരു നേട്ടം. 1102 ഹരിത സംഘങ്ങളിലൂടെ 62409 കർഷകർ സജീവമായി പച്ചക്കറി കൃഷിയിൽ ഏർപ്പെട്ടിരിക്കുന്നു.

(സി) ഹോർട്ടി കോർപ്പറേഷൻ കർഷകരിൽ നിന്നും നേരിട്ട് പച്ചക്കറി വാങ്ങി വിപണനം നടത്തുന്നു. കൂടാതെ ഓരോ ബ്ലോക്കിലും കർഷകരുടെ സംഭരണ വിതരണ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഹരിത സംഘങ്ങളിൽ നിന്നും പച്ചക്കറി സംഭരിച്ച് വിപണന കേന്ദ്രത്തിൽ എത്തിക്കുന്നതിനായി ഓരോ ജില്ലയിലേയും (ഇടുക്കി, വയനാട്, മലപ്പുറം ഒഴികെ) ഒരു ബ്ലോക്കുതല കേന്ദ്രത്തിന് ഒരു പെട്ടി ഓട്ടോ റിക്ഷ നൽകുന്നതാണ്. പഞ്ചായത്ത് തലത്തിൽ മാവേലിസ്റ്റോറുകളോടനുബന്ധിച്ച് പച്ചക്കറി വിപണനകേന്ദ്രം തുടങ്ങുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ട്.

(ഡി) പച്ചക്കറി ഉൽപ്പാദനത്തിന് ധനസഹായം നൽകുന്നുണ്ട്. 5 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുന്ന ഹരിത സംഘത്തിന് വിത്ത്, വളം, കീടനാശിനി, ജലസേചനം, പന്തൽ എന്നിവയ്ക്കായി 50 ശതമാനം സബ്സിഡി, പരമാവധി 10,000 രൂപ എന്നതിന് വിധേയമായി ഹെക്ടർ ഒന്നിന് നൽകുന്നു. കൂടാതെ സസ്യ സംരക്ഷണ പ്രവർത്തനത്തിനായി സ്പ്രേയർ, വാങ്ങുന്നതിന് 800 രൂപയും സംഘത്തിന് നൽകുന്നുണ്ട്. പച്ചക്കറികൃഷിയിൽ

LIBRARY ARCHIVES Kerala Legislative Assembly

ഏർപ്പെടുന്ന സ്കൂളുകൾക്ക് വിത്ത്, വളം, കീടനാശിനി, കാർഷിക ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിന് ആയിരം രൂപ നൽകുന്നുണ്ട്. കൂടാതെ 25 സെന്റിൽ കൂടുതൽ സ്ഥലത്ത് കൃഷി ചെയ്യുന്ന സ്കൂളുകൾക്ക് ജനസേചനത്തിനായി കിണർ കുഴിക്കുന്നതിന് 6000 രൂപയും പമ്പ് സെറ്റ് സ്ഥാപിക്കുന്നതിന് 7500 രൂപയും നൽകുന്നുണ്ട്.

(ഇ) ഹരിത സംഘങ്ങളിലൂടെ 1999-2000-ൽ 800 കോടി രൂപ വില വരുന്ന 8 ലക്ഷം ടൺ പച്ചക്കറി ഉൽപ്പാദിപ്പിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്;

(എഫ്) കഴിഞ്ഞ വർഷം 370 കോടി രൂപയുടെ പച്ചക്കറി ഉൽപ്പാദിപ്പിച്ചു.

(ജി) ഊർജ്ജിത പച്ചക്കറി വികസന പദ്ധതി നടത്തിപ്പിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണം ലഭിക്കുന്നുണ്ട്.

(എച്ച്) യൂറോപ്യൻ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കിയിരുന്ന ഹോർട്ടികൾച്ചർ പദ്ധതിയുടെ കാലാവധി 31.12.99-ൽ അവസാനിച്ചു. കാലാവധി 31.3.2002 വരെ നീട്ടണമെന്ന് സംസ്ഥാന ഗവൺമെന്റിന്റെ ആവശ്യം കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയിലാണ്.

16 (*76) വായ്പാ നിക്ഷേപ അനുപാതം

ശ്രീ. കെ.പി.എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പ്രവർത്തിക്കുന്ന കൊമേഴ്സ്യൽ ബാങ്കുകളിലെ വായ്പാ നിക്ഷേപ അനുപാതത്തിൽ ഉണ്ടായിരിക്കുന്ന അന്തരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വായ്പകൾക്കുവേണ്ടിയുള്ള അർഹമായ അപേക്ഷകളിൽ പോലും ബാങ്കുകൾ നിഷേധാത്മക സമീപനമാണ് കൈക്കൊള്ളുന്നതെന്ന പരാതി ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇവ പരിഹരിക്കുന്നതിന് എന്തു നടപടിയാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ.ടി. ശിവദാസമേനോൻ) :

(എ) ഉണ്ട്.

(ബി)&(സി) ബാങ്കുകൾ വായ്പാപേക്ഷ നിരസിക്കുമ്പോൾ അതിനുള്ള കാരണം കാണിക്കേണ്ടതാണെന്ന് നിയമസഭയുടെ അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതി അഭിപ്രായപ്പെട്ടിട്ടുണ്ട്. അതിന്മേൽ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ വായ്പകൾ നൽകുന്ന കാര്യത്തിൽ ഉദാരമായ സമീപനം സ്വീകരിക്കണമെന്ന് റിസർവ് ബാങ്ക് മുഖേന ബാങ്കുകൾക്ക് ഇതിനകം നിർദ്ദേശം നൽകിക്കഴിഞ്ഞിട്ടുണ്ട്.

17 (*77) മണ്ഡരിരോഗ നിവാരണത്തിനായി നടപടി

ശ്രീ. പി.കെ. കുമാരൻ:
ശ്രീ. പി. രാഘവൻ:
ശ്രീ. എ. കണാരൻ
ശ്രീ. എൻ.ആർ. ബാലൻ :

LIBRARY ARCHIVES Kerala Legislative Assembly